നടുവിൽ പോത്തുകുണ്ടിൽ എക്സൈസ് സംഘം പിടിച്ചെടുത്ത വ്യാജവാറ്റ് സാമഗ്രികൾ.

ആലക്കോട് വ്യാജ വാറ്റ് കേന്ദ്രം തകർത്തു; പ്രതികൾ മുങ്ങി

നടുവിൽ: പോത്തുകുണ്ടിൽ വൻ വാറ്റ് കേന്ദ്രം തളിപ്പറമ്പ സർക്കിൾ എക്സൈസ് സംഘം തകർത്തു. ആലക്കോട് ഭാഗങ്ങളിൽ വേഷം മാറി നടത്തിയ റെയ്ഡിലാണ് കാട്ടിനുള്ളിൽ പ്രവർത്തിക്കുന്ന വൻ വാറ്റുകേന്ദ്രം നശിപ്പിക്കുകയും ചാരായം വാറ്റാൻ പാകപ്പെടുത്തി സൂക്ഷിച്ചുവെച്ചിരുന്ന 110 ലിറ്റർ വാഷും വാറ്റുപകരണങ്ങളും കണ്ടെടുക്കുകയും നശിപ്പിക്കുകയും ചെയ്തു. പ്രതികൾ രക്ഷപ്പെട്ടു. ഇന്നലെ വൈകീട്ട് നടത്തിയ റെയ്ഡിൽ തളിപ്പറമ്പ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എം.നൗഷാദ്, പ്രിവന്റീവ് ഓഫീസർമാരായ കെ.പി.മധുസൂദനൻ, പി.ആർ.സജീവ്, സിവിൽ എക്സൈസ് ഓഫീസർമാരായ പി.പി.മനോഹരൻ, ഡ്രൈവർ കെ.പി.പുരുഷോത്തമൻ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

വൻ കവർച്ചാ സംഘം കാസർക്കോട് പിടിയിൽ

കാസർക്കോട്: കേരളത്തിലുടനീളം കവർച്ച നടത്തിയ വൻ സംഘത്തെ കാസർക്കോട് സി.ഐ അബ്ദുറഹീമിന്റെ നേതൃത്വത്തിൽ പിടികൂടി. തളങ്കര സ്വദേശി മുസ്തഫ (22), ദേളി സ്വദേശി സുബൈർ (22) എന്നിവരാണ് പിടിയിലായത്. ഇവരിൽ നിന്ന് കവർച്ച ചെയ്ത മൂന്ന് ബൈക്കുകൾ കണ്ടെടുത്തു. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി 24 ബൈക്കുകൾ, മൂന്ന് ആൾട്ടോ കാർ, 16 മൊബൈൽ ഫോൺ എന്നിവ ഇവർ കവർച്ച ചെയ്തിട്ടുണ്ടെന്ന് തെളിഞ്ഞു. ഇതിന് പുറമെ നാല് വീടുകളിലും കവർച്ച നടത്തിയിട്ടുണ്ട്. ഇതിൽ നിർമ്മാണത്തിലിരിക്കുന്ന വീട്ടിൽ നിന്ന് വയറിംഗ് സാമഗ്രികളാണ് കവർന്നത്. എറണാകുളത്തിനും കായംകുളത്തിനുമിടയിൽ തീവണ്ടിയിൽ നിന്ന് യാത്രക്കാരനെ തള്ളിയിട്ട് 20,000 രൂപയും മൊബൈൽ ഫോണും കവർന്നതും ഈ സംഘമാണെന്ന് സൂചന ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് കായംകുളം പോലീസുമായി ബന്ധപ്പെട്ടുവരികയാണ്.

സി.പി.എം – ബി.ജെ.പി കൊടിമരങ്ങൾ നീക്കം ചെയ്തു

കണ്ണൂർ: പുഴാതി സ്കൂളിന് സമീപത്തെ റോഡിൽ സ്ഥാപിച്ച ബി.ജെ.പിയുടെയും സി.പി.എമ്മിന്റെയും കൊടിമരങ്ങളും സ്തൂപങ്ങളും ടൗൺ പോലീസ് നീക്കം ചെയ്തു. വീണ്ടും ഇവ സ്ഥാപിച്ചാൽ നിയമ നടപടിയെടുക്കുമെന്ന് ടൗൺ എസ്.ഐ മുന്നറിയിപ്പ് നൽകി.

മദ്യലഹരിയിൽ തെരുവ്‌വിളക്ക് എറിഞ്ഞുടച്ച യുവാവ് പിടിയിൽ

മയ്യിൽ: മദ്യലഹരിയിൽ തെരുവ്‌വിളക്ക് എറിഞ്ഞുടച്ച യുവാവിനെ എസ്.ഐ ബാബുമോൻ കസ്റ്റഡിയിലെടുത്തു. എട്ടയാർ സ്വദേശി രാഹുൽ (22) ആണ് പിടിയിലായത്. കഴിഞ്ഞ ദിവസം മയ്യിൽ ടൗണിലെ രണ്ട് തെരുവ് വിളക്കുകൾ എറിഞ്ഞുടച്ചതിനാണ് പിടികൂടിയത്.

വളപട്ടണത്ത് ബൈക്ക് കത്തിച്ചു; ഭാര്യയുടെ അമ്മാവൻ പിടിയിൽ

വളപട്ടണം: തങ്ങൾ പീടികയിൽ വീട്ടുമുറ്റത്ത് നിർത്തിയിട്ട ബൈക്ക് കത്തിച്ചു. പള്ളിവളപ്പിൽ ഹൗസിൽ കെ.വി. സജേഷിന്റെ (30) കെ.എൽ. 13 എ.ജെ. 1071 പൾസർ ബൈക്കാണ് അഗ്നിക്കിരയാക്കിയത്. ഭാര്യയുടെ അമ്മാവൻ അരവിന്ദാക്ഷൻ കത്തിച്ചതാണെന്ന് സജേഷ് പോലീസിൽ പരാതി നൽകി. സ്വത്ത് സംബന്ധമായ തർക്കവും കുടുംബവഴക്കുമാണ് തീവെപ്പിന് പിന്നിലെന്ന് പോലീസ് പറഞ്ഞു. അരവിന്ദാക്ഷനെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

എ.ഡി.ജി.പി സന്ധ്യയുടെ വാഹനത്തിൽ കാറിടിച്ചു

ആലക്കോട്: എ.ഡി.ജി.പി സന്ധ്യയുടെ ഔദ്യോഗിക വാഹനത്തിൽ എതിരെ വന്ന കാറിടിച്ചു. ഇന്നലെ വൈകുന്നേരം ആറരയോടെ ആലക്കോട് പാലത്തിന് സമീപമാണ് അപകടം. എ.ഡി.ജി.പിയുടെ വാഹനമായ കെ.എൽ. 01 ബി.ജി. 292 ഇന്നോവ കാറിൽ എതിരെ വന്ന കെ.എൽ. 58 സി. 478 റിഡ്സ് കാർ നിയന്ത്രണം വിട്ട് ഇടിക്കുകയായിരുന്നു. ഈ സമയം സന്ധ്യ വാഹനത്തിലുണ്ടായിരുന്നില്ല. തിരുവനന്തപുരത്ത് നിന്ന് ആലക്കോട്ടെ ബന്ധുവീട്ടിലേക്ക് വന്നതായിരുന്നു എ.ഡി.ജി.പി. ഇവരെ ആലക്കോട്ടെ വീട്ടിലെത്തിച്ച ശേഷം തിരിച്ച് കണ്ണൂരിലേക്ക് മടങ്ങുന്നതിനിടെയാണ് ഇന്നോവ അപകടത്തിൽപ്പെട്ടത്. റിഡ്സ് കാറിന്റെ ടയർ ഊരിത്തെറിച്ച നിലയിലായിരുന്നു. അപകടത്തിൽ ആർക്കും പരിക്കേറ്റില്ലെങ്കിലും എ.ഡി.ജി.പിയുടെ വാഹനത്തിന് സാരമായ കേടുപാടുകൾ സംഭവിച്ചു. ഇന്നോവ ഡ്രൈവർ രാജേഷിന്റെ പരാതി പ്രകാരം റിഡ്സ് കാർ ഡ്രൈവർക്കെതിരെ ആലക്കോട് പോലീസ് കേസെടുത്തു. ബിനോയി എന്നയാളുടെ ഉടമസ്ഥതയിലുള്ളതാണ് കാർ.

വീടും സ്ഥലവും വിൽപ്പനക്ക്
പുളിമ്പറമ്പ് ഫോറസ്റ്റ് ഓഫീസിന് സമീപം
തോട്ടാറമ്പ് റോഡിൽ 22¾ സെന്റ് സ്ഥലവും
വീടും (2 ബെഡ്റൂം) വിൽപ്പനക്ക്.
9744384787, 9446675937

ജില്ലാ ബാങ്ക് സ്വർണ്ണ കവർച്ച; മുൻകൂർ ജാമ്യാപേക്ഷ തള്ളിയതിനെ തുടർന്ന് പ്രതികൾ മുങ്ങി

തളിപ്പറമ്പ: ജില്ലാ സഹകരണ ബാങ്ക് തളിപ്പറമ്പ ശാഖയിൽ നിന്നും അരകോടിയിലേറെ രൂപയുടെ സ്വർണ്ണം കവർന്ന കേസിലെ മൂന്നു പ്രതികളുടെയും ജാമ്യാപേക്ഷ ജില്ലാ സെഷൻസ് കോടതി തള്ളി. ഇതേ തുടർന്ന് മാനേജർ ടി.വി. രമ കുടുംബസമേതം മുങ്ങി. മറ്റ് പ്രതികളായ സീനിയർ മാനേജർ ചന്ദ്രൻ, അപ്രൈസർ ഷഡാനൻ എന്നിവരും ഒളിവിൽ പോയി. കഴിഞ്ഞ ദിവസം സി.ഐ പി. കെ.സുധാകരന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം ടി.വി. രമയുടെ വീട്ടിൽ റെയ്ഡ് നടത്തിയിരുന്നു. മകനൊപ്പമാണ് രമ ഒളിവിൽ പോയത്. മൂന്നുപേരും അവരുടെ ബന്ധുക്കളും മൊബൈൽ ഫോൺ സ്വിച്ച് ഓഫാക്കിയിരിക്കുകയാണ്. ഷഡാനന്റെ ഭാര്യ വീട്ടിലുണ്ടെങ്കിലും കഴിഞ്ഞ ഒരാഴ്ചയായി ഇവരുടെ മൊബൈൽ ഫോൺ പ്രവർത്തിക്കുന്നില്ല.

അതിനിടെ ടി.വി.രമയുമായി അടുത്ത ബന്ധംപുലർത്തുന്ന പ്ലാത്തോട്ടത്തെ കുപ്രസിദ്ധ ബ്ലേഡുകാരനെ പോലീസ് ചോദ്യം ചെയ്തു. ബാങ്കിൽ നിന്നും രമ കവർന്ന സ്വർണ്ണം ഇയാൾക്ക് നൽകിയതായി സൂചന ലഭിച്ചതിനെ തുടർന്നാണ് ഇയാളെ ചോദ്യം ചെയ്തത്.

അതേസമയം കവർച്ച പുറത്തുവന്നതോടെ സഹകരണ ബാങ്കുകളിലെ സ്വർണ്ണപണയം മുഴുവൻ പരിശോധിക്കാൻ ജെ.ആർ ഉത്തരവിട്ടിരുന്നെങ്കിലും പല ബാങ്കുകളിലും കാര്യക്ഷമമായ പരിശോധന നടന്നില്ലെന്ന ആക്ഷേപം ജീവനക്കാർ തന്നെ ഉയർത്തിയിട്ടുണ്ട്. പല ബാങ്കുകളിലും ക്ലാർക്കുമാരാണ് സ്വർണ്ണപണയം കൈകാര്യം ചെയ്യുന്നത്. പരസ്പര വിശ്വാസമാണ് ഇവർ ഇങ്ങനെ ചെയ്യാൻ കാരണം. ഏതെങ്കിലും ഒരാൾ ചതിച്ചാൽ കുടുങ്ങുന്നത് എല്ലാ ജീവനക്കാരുമായിരിക്കും. തളിപ്പറമ്പിൽ സീനിയർ മാനേജർ പ്രതിയായതും സഹപ്രവർത്തകരുടെ വഞ്ചനയെ തുടർന്നാണ്. ഇതിന് ഏക പരിഹാരം കാര്യക്ഷമമായ പരിശോധന മാത്രമാണ്.

റോഡ് തകർച്ച; ആലക്കോട്–ചെറുപുഴ റൂട്ടിൽ സ്വകാര്യ ബസ് പണിമുടക്ക് പൂർണ്ണം

ആലക്കോട്: കോടികൾ ചെലവിട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച മലയോര ഹൈവേ പാതിവഴിയിൽ തകർന്നു കിടക്കുന്നതിൽ പ്രതിഷേധിച്ച് ആലക്കോട്- ചെറുപുഴ റൂട്ടിൽ സ്വകാര്യ ബസുകളുടെ പണിമുടക്ക് തുടങ്ങി. ചെറുപുഴയിൽ നിന്ന് ആലക്കോട് ഭാഗത്തേക്ക് ബസുകൾ സർവ്വീസ് നടത്തുന്നത് നിർത്തിവെച്ചാണ് സമരം. തളിപ്പറമ്പിൽ നിന്ന് ചെറുപുഴയിലേക്കുള്ള ബസുകൾ ആലക്കോട് വരെ മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ. ഇരിട്ടി മേഖലയിൽ നിന്നുള്ള മിക്ക ബസുകളും സർവ്വീസ് നിർത്തിവെച്ചിരിക്കുകയാണ്. സ്വകാര്യ ബസ് പണിമുടക്ക് നെല്ലിപ്പാറ, രയരോം, തേർത്തല്ലി, ചെറുപുഴ മേഖലകളിലെ യാത്രക്കാരെ വലച്ചു. ചെറുപുഴ- പയ്യന്നൂർ റോഡിന്റെ തകർച്ച പരിഹരിക്കാത്തതിൽ പ്രതിഷേധിച്ച് ഈ റൂട്ടിലും സ്വകാര്യ ബസുകൾ പണിമുടക്കുകയാണ്. ഇന്നത്തെ സൂചനാ പണിമുടക്ക് കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നില്ലെങ്കിൽ ആലക്കോട്- ചെറുപുഴ റൂട്ടിൽ അനിശ്ചിതകാലത്തേക്ക് ബസ് സർവീസ് നിർത്തിവെക്കാനാണ് സമരക്കാരുടെ തീരുമാനം. മലയരോ ഹൈവേയുടെ ഭാഗമായ അരങ്ങം മുതൽ ചെറുപുഴ വരെയുള്ള റോഡ് പൂർണ്ണമായി തകർന്ന നിലയിലാണ്. മാസങ്ങളായി ഹൈവേ പ്രവൃത്തി ഇഴഞ്ഞു നീങ്ങുന്നതാണ് റോഡ് തകർച്ചയുടെ പ്രധാന കാരണം. വാഹന ഗതാഗതം ഒരു വിധത്തിലും കഴിയാത്ത വിധത്തിലാണ് റോഡ് തകർന്ന് കിടക്കുന്നത്. യാത്രക്കാരുടെയും വാഹനങ്ങളുടെയും നടുവൊടിക്കുന്ന സ്ഥിതി ഉടലെടുത്തതോടെയാണ് സൂചനാ പണിമുടക്കുമായി ബസ് ഉടമകളും ജീവനക്കാരും രംഗത്തുവന്നത്. അതേസമയം കെ.എസ്.ആർ.ടി.സി ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ബസ് സമരത്തിന് പിൻതുണ പ്രഖ്യാപിച്ച് ചെറുപുഴയിൽ ജീപ്പുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളും സർവ്വീസ് നടത്തുന്നില്ല.

മണൽക്കടത്തിനെ ചൊല്ലിയുള്ള തർക്കം; യുവാവിനെ വെട്ടിപ്പരിക്കേൽപ്പിച്ച കേസിൽ ഒരാൾ അറസ്റ്റിൽ

മുഹമ്മദ്ഖലീഫ്

പഴയങ്ങാടി: മണൽക്കടത്തിനെ സംബന്ധിച്ച തർക്കത്തിൽ യുവാവിനെ വെട്ടിപരിക്കേൽപ്പിച്ച കേസിൽ ഒരാൾ അറസ്റ്റിൽ. വാടിക്കലിലെ ചേരിച്ചി മുഹമ്മദ്റാഫി (34)യെ വെട്ടിപ്പരിക്കേൽപ്പിച്ച കേസിൽ മാട്ടൂൽ നോർത്ത് ചാപ്പയിൽ ഹൗസിൽ മുഹമ്മദ്ഖലീഫ (23)യെയാണ് എസ്.ഐ പി.ബി.സജീവ് അറസ്റ്റ് ചെയ്തത്. നേരത്തെ മറ്റൊരു വണ്ടി പോലീസ് വാഹനത്തിലെടുപ്പിച്ച് പോലീസുകാരെ അപായപ്പെടുത്താൻ ശ്രമിച്ച കേസിലും കോരൻപീടികയിലെ അക്രമക്കേസിലും പ്രതിയാണ് മുഹമ്മദ്ഖലീഫ. കഴിഞ്ഞ ഏഴിന് രാത്രി 11.30നാണ് അക്രമം. കേസിൽ മാട്ടൂൽ സ്വദേശികളായ സാബു, കൊളവൻ റാഷിദ്, അനസ്, സാവു റഷീദ്, റസാഖ് എന്നിവരെയും പിടികിട്ടാനുണ്ട്.

യുവതി നൽകിയ മേൽവിലാസം തെറ്റ്

ഒളിച്ചോടിയ യുവതിയെ ഭർത്താവ് ഉപേക്ഷിച്ചു; കാമുകൻ സ്വീകരിക്കുന്നുമില്ല

തളിപ്പറമ്പ: വിവാഹം കഴിഞ്ഞ് നാലാംനാൾ കാമുകനെ തേടി വീട് വിട്ടിറങ്ങിയ യുവതി പെരുവഴിയിലായി. തളിപ്പറമ്പ നഗരസഭക്ക് പുറത്ത് അതിർത്തി ഗ്രാമത്തിൽ വാടകക്ക് താമസിക്കുന്ന യുവതിക്കാണ് ഒടുവിൽ ഭർത്താവിനെയും കാമുകനെയും നഷ്ടമായത്. ഇവർ പോലീസിൽ നൽകിയ മേൽവിലാസം സയ്യിദ്നഗർ എന്നായിരുന്നു. എന്നാൽ ഇവർ വിവാഹ സമയത്ത് ഇവിടെയല്ല താമസിച്ചിരുന്നത്. ഇരിക്കൂറിലെ സൽസ്വഭാവിയായ ചെറുപ്പക്കാരൻ കുടുംബക്കാർ വഴിയാണ് യുവതിയെ വിവാഹം കഴിച്ചിരുന്നത്. 10 ലക്ഷത്തോളം രൂപ കല്യാണത്തിന് യുവാവിന് ചിലവായിട്ടുണ്ട്. ഫെയ്സ്ബുക്ക് വഴി മുമ്പേ പ്രണയത്തിലായി വിദേശത്ത് ജോലി ചെയ്യുന്ന പഴയങ്ങാടി സ്വദേശിയോടൊപ്പം പോകാനാണ് വീടിറങ്ങിയത്. കാമുകനോട് നെടുമ്പാശേരിയിൽ എത്താൻ ആവശ്യപ്പെടുകയായിരുന്നു. എന്നാൽ ഇതിനുള്ളിൽ യുവതിയെ പോലീസ് പിടികൂടി. ഞായറാഴ്ച വീട്ടുകാരോടൊപ്പം പോയ യുവതിക്കെതിരെ ഭർത്താവ് പോലീസിൽ പരാതി നൽകി. കല്യാണത്തിന് ചെലവായ പത്ത് ലക്ഷം രൂപ ആവശ്യപ്പെട്ടായിരുന്നു പരാതി നൽകിയത്. വീട്ടുകാർ പണം നൽകാൻ തയ്യാറായിട്ടില്ല. കോടതിയെ സമീപിക്കാൻ ഉപദേശിച്ച പോലീസ് പരാതിക്കാരനെ മടക്കിയയച്ചു.

അതിനിടെ കാമുകനുമായി യുവതിയുടെ ബന്ധുക്കൾ ബന്ധപ്പെട്ടെങ്കിലും യുവതിയെ സ്വീകരിക്കാൻ അയാൾ തയ്യാറായിട്ടില്ല. യുവതി വിവാഹിതയായ വിവരം അറിയില്ലെന്നാണ് ഇയാൾ പോലീസിനോട് പറഞ്ഞത്. വിവാഹിതയായ സ്ഥിതിക്ക് തനിക്ക് യുവതിയെ സ്വീകരിക്കാൻ കഴിയില്ലെന്ന നിലപാടിലാണ് യുവാവും ബന്ധുക്കളും.

എ.ടി.എം കൗണ്ടറിനുള്ളിൽ നിന്ന് വിദ്യാർത്ഥിക്ക് പണം വീണുകിട്ടി

ആലക്കോട്: എ.ടി.എം കൗണ്ടറിനുള്ളിൽ നിന്ന് വിദ്യാർത്ഥിക്ക് പണം വീണുകിട്ടി. ചെറുപുഴയിൽ രണ്ടാംവർഷ ഡിഗ്രി വിദ്യാർത്ഥിയായ പെരുമ്പടവിലെ പുളിമൂട്ടിൽ ജയിംസ് ജോസഫിനാണ് ഇന്നലെ വൈകുന്നേരം പെരുമ്പടവ് ടൗണിലെ എസ്.ബി.ഐ എ.ടി.എം മെഷ്യനിൽ നിന്ന് വൻതുക വീണുകിട്ടിയത്. ജയിംസ് എ.ടി.എമ്മിൽ കയറുന്നതിന് തൊട്ടുമുമ്പ് പണം എടുക്കാൻ എത്തിയ ആളുടേതാണെന്നാണ് സംശയിക്കുന്നത്. മെഷ്യനിൽ പഞ്ച് ചെയ്തിട്ടും പണം കിട്ടിയില്ലെന്ന് കരുതി ഇവർ പുറത്തേക്ക് പോയതിന് ശേഷമാണ് പണം മെഷ്യനിൽ എത്തിയതെന്ന് കരുതപ്പെടുന്നു. ജയിംസ് കൗണ്ടറിൽ കയറുമ്പോൾ മെഷ്യനിൽ പണം വന്ന് തങ്ങി നിൽക്കുകയായിരുന്നു. ജയിംസ് ഉടൻ പണം അടുത്തുള്ള വ്യാപാര സ്ഥാപനത്തിൽ ഏൽപ്പിച്ചു. ഇവർ ആലക്കോട് പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചു. പണം നഷ്ടപ്പെട്ടവർ ആലക്കോട് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടണമെന്ന് എസ്.ഐ അറിയിച്ചു. വീണുകിട്ടിയ പണം ഉടമക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച ജയിംസിന്റെ സത്യസന്ധതയെ വ്യാപാരികളും മറ്റും അഭിനന്ദിച്ചു.

വയോധികൻ തൂങ്ങിമരിച്ചു

പയ്യാവൂർ: കാക്കത്തോട്ടെ വടക്കേവെളിയിൽ ആനന്ദ(68)നെ വീട്ടിനകത്ത് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ഇന്നലെ ഉച്ച തിരിഞ്ഞായിരുന്നു ആത്മഹത്യ. ഭാര്യ: ജാനകി. മക്കൾ: അനിത, അനിൽ. മരുമക്കൾ: പ്രകാശൻ (മുണ്ടാനൂർ), സുമ (മഞ്ഞാങ്കരി).

നാളെ വൈദ്യുതി മുടങ്ങും

തളിപ്പറമ്പ: പുളിമ്പറമ്പ് അമ്പലം, കരിപ്പൂൽ, കരിപ്പൂൽ കോളനി, കണികുന്ന്, അരവത്തമ്പലം, പുഴക്കുളങ്ങര, കൊപ്രക്കളം, ആടിക്കുംപാറ, തലോറ, കണ്ണൻചിറ എന്നിവിടങ്ങളിൽ നാളെ രാവിലെ പത്ത് മുതൽ ഉച്ചക്ക് രണ്ട് വരെ വൈദ്യുതി മുടങ്ങും.

കെ.എസ്.ആർ.ടി.സി കണ്ടക്ടറെ സ്വകാര്യ ബസ് ഡ്രൈവർ മർദിച്ചു

കണ്ണൂർ: കെ.എസ്.ആർ.ടി.സി ബസ് കണ്ടക്ടറെ മർദിച്ചതിന് സ്വകാര്യ ബസ് ഡ്രൈവർക്ക് എതിരേ ടൗൺ പോലീസ് കേസെടുത്തു. ഗിരീഷ്കുമാറി(30)നെ മർദിച്ചതിന് സാലിഹ ബസ് ഡ്രൈവർക്ക് എതിരേയാണ് കേസ്. ഇന്നലെ വൈകുന്നേരം 3.45ന് പുതിയ സ്റ്റാന്റിൽ ട്രാക്കിൽ ബസ് വെക്കുന്നതിനെ ചൊല്ലിയുള്ള തർക്കമാണ് തല്ലിൽ കലാശിച്ചത്. കോഴിക്കോടേക്കുള്ള ട്രാക്കിൽ ബസ് വെക്കുന്നതിനെ ചൊല്ലിയായിരുന്നു തർക്കം.

ബാർ മാനേജർക്ക് മർദനം

കണ്ണൂർ: പുതിയ ബസ്സ്റ്റാന്റിലെ കെ.കെ.ബാർ മാനേജർ സൂരജ് (28) നെ മർദിച്ചതിന് നാലുപേർക്ക് എതിരേ കേസ്. ഇന്നലെ രാത്രി 11 മണിയോടെയാണ് സംഭവം. ബാർ 11 മണിക്ക് അടക്കേണ്ടതാണ്. അതിന് അൽപ്പം മുമ്പ് മദ്യപിക്കാനെത്തിയ സംഘത്തോട് വേഗം കുടിക്കണമെന്നും ബാർ അടക്കേണ്ടതാണെന്നും പറഞ്ഞുവത്രെ. ഈ വിരോധത്തിന് മർദിച്ചുവെന്നാണ് പരാതി.

ബ്രെയ്സ്‌ലെറ്റ് നഷ്ടപ്പെട്ടു

തളിപ്പറമ്പ: മന്നയിൽ നിന്നും കരിമ്പത്തേക്കുള്ള യാത്രാമധ്യേ ബ്രെയ്സ്‌ലെറ്റ് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 9746464448 നമ്പറിൽ അറിയിക്കണം.

യുവതിയെ കാണാതായി

മയ്യിൽ: മാണിയൂർ തരിയേരിയിലെ ബദരിയ്യ ഹൗസിൽ മുഹമ്മദലിയുടെ മകൾ പി.കെ.ഹസ്നത്ത് (20)നെ കാണാതായതായി പരാതി. കഴിഞ്ഞ മാസം 18 മുതലാണ് കാണാതായത്. വെളുത്തനിറക്കാരിയാണ്. യുവതിയെ കുറിച്ച് വിവരം ലഭിക്കുന്നവർ വളപട്ടണം സി.ഐ (9497987205), മയ്യിൽ എസ്.ഐ (9497980888) എന്നിവരെ വിവരമറിയിക്കണമെന്ന് പോലീസ് അഭ്യർത്ഥിച്ചു.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2770
പവന് : 22160
വവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ചാരായവുമായി അറസ്റ്റിലായ പ്രേമരാജൻ എക്സൈസ് സംഘത്തോടൊപ്പം

അഞ്ച് ലിറ്റർ ചാരായവുമായി യുവാവ് അറസ്റ്റിൽ

ശ്രീകണ്ഠപുരം: വൻ തോതിൽ ചാരായം വാറ്റി വിൽപ്പന നടത്തുന്ന യുവാവ് പിടിയിൽ. പയ്യാവൂർ വാതിൽമടയിലെ പയ്യാൻ വീട്ടിൽ പ്രേമരാജ(40)നെയാണ് ശ്രീകണ്ഠപുരം അസി.എക്സൈസ് ഇൻസ്പെക്ടർ ടി.രഘുനാഥ് അറസ്റ്റ് ചെയ്തത്. ചാരായം കന്നാസിൽ നിറച്ച് മറ്റൊരാൾക്ക് വിൽക്കാൻ കൊണ്ടുപോകുന്നതിനിടെയാണ് ഇയാൾ പിടിയിലായത്. പ്രിവന്റീവ് ഓഫീസർ കെ.ജി.മുരളിദാസ്, സിവിൽ എക്സൈസ് ഓഫീസർമാരായ പി.വി.പ്രകാശൻ, ടി.ഒ.വിനോദ്, ടി.വി.ഉജേഷ്, എം.രമേശൻ, ടി.എം.കേശവൻ എന്നിവരും പ്രതിയെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

വ്യാജമദ്യം: ഓട്ടോ ഡ്രൈവർ അറസ്റ്റിൽ

ആലക്കോട്: വ്യാജമദ്യ വിൽപ്പന നടത്തുന്നതിനിടെ ഓട്ടോറിക്ഷ സഹിതം ഡ്രൈവറെ എക്സൈസ് അറസ്റ്റ് ചെയ്തു. പരപ്പയിലെ കുന്നേൽ അബ്രഹാമി (41)നെയാണ് ആലക്കോട് എക്സൈസ് ഇൻസ്പെക്ടർ എ. ഹേമന്ദ് കുമാറും സംഘവും പരപ്പ ടൗണിൽ നിന്ന് അറസ്റ്റ് ചെയ്തത്. മദ്യ വിൽപ്പന നടത്താൻ ഉപയോഗിച്ച ഇയാളുടെ കെ.എൽ. 59 കെ.5990 ഓട്ടോറിക്ഷയും പിടിച്ചെടുത്തു. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ എം.എം. രാജു, സിവിൽ ഓഫീസർമാരായ ടി.ആർ. രാജേഷ്, വി.പി. ശ്രീകുമാർ, മുഹമ്മദ് യൂനസ്, പ്രദീപ്കുമാർ, ഡ്രൈവർ സുരേഷ്കുമാർ റെയ്ഡിൽ പങ്കെടുത്തു.

പെൺവാണിഭം: ഇളയമ്മയും പ്രതി

തലശേരി: സ്കൂൾ വിദ്യാർത്ഥിനിയെ ഇളയമ്മ കൂട്ടിക്കൊണ്ടുപോയി യുവാവിന് കാഴ്ചവെച്ച സംഭവത്തിൽ പോലീസ് കേസെടുത്തു. എരഞ്ഞോളി സ്വദേശിനിയായ 15 കാരിയെ പെൺവാണിഭത്തിനിരയാക്കിയ വടകര കുഞ്ഞിപ്പള്ളിയിലെ നാൽപതുകാരിക്കും പീഡിപ്പിച്ച കോഴിക്കോട് മുക്കാളിയിലെ റെയ്ഹൻ എന്നയാൾക്കുമെതിരെയാണ് കേസ്. രണ്ട് വർഷം മുമ്പ് കുട്ടി എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണത്രെ പീഡനമുണ്ടായത്. എരഞ്ഞോളിയിലാണ് അന്ന് കുട്ടിയുടെ ബന്ധുവായ സ്ത്രീയും താമസിച്ചുവന്നിരുന്നത്. അന്ന് കുട്ടിയെ മുക്കാളിയിലെ റെയ്ഹാന്റെ വീട്ടിലേക്ക് കൊണ്ടുപോയി ലൈംഗിക പീഡനത്തിനിരയാക്കിയെന്നാണ് കേസ്. സി.ഐ കെ.ഇ. പ്രേമചന്ദ്രനാണ് കേസന്വേഷിക്കുന്നത്.

ലോഡ്ജിൽ മദ്യപിച്ച് ബഹളം; പോലീസുകാരെ അക്രമിച്ചു, മൂന്നുപേർ അറസ്റ്റിൽ

തളിപ്പറമ്പ: ലോഡ്ജിൽ സംഘർഷമുണ്ടാക്കിയ സംഘം പോലീസുകാരെയും ആക്രമിച്ചു. മൂന്നു പേരെ പോലീസ് അറസ്റ്റ് ചെയ്തു.

ദേശീയപാതയിലെ അറാഫത്ത് ലോഡ്ജിൽ ഇന്നലെ രാത്രി 11.45 ഓടെയായിരുന്നു സംഭവം. ലോഡ്ജിൽ മുറിയെടുത്ത് മദ്യപാനത്തിൽ ഏർപ്പെട്ട സംഘം മദ്യം തലക്ക് പിടിച്ചതോടെ തമ്മിൽ തല്ലുകയായിരുന്നു. ലോഡ്ജുകാർ വിവരം അറിയിച്ചതിനെ തുടർന്ന് എ.എസ്.ഐ പുരുഷോത്തമന്റെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി. സംഘം എ.എസ്.ഐ ഉൾപ്പെടെയുള്ള പോലീസുകാരെ അക്രമിച്ചു. അക്രമികളെ പോലീസ് കീഴടക്കി അറസ്റ്റ് ചെയ്യുകയായിരുന്നു.

മാട്ടൂൽ സൗത്തിലെ ചേടിച്ചേരി ഹൗസിൽ വാഹിദ് (28), തളിപ്പറമ്പ് മദ്രസക്ക് സമീപം താമസക്കാരായ വാഴവളപ്പിൽ ഹൗസിൽ ഷംസീർ (35), കായക്കൂൽ തിരുവട്ടൂർ ഹൗസിൽ നിസാർ (32) എന്നിവരാണ് പിടിയിലായത്.

ചരമം

സൈനബ ഹജ്ജുമ്മ

തളിപ്പറമ്പ: തളിപ്പറമ്പിലെ പ്രമുഖ വ്യാപാരി കെ.പി.ഹസൻ ഹാജിയയുടെ ഉമ്മ കൊട്ടില അടിപ്പാലത്ത് താമസിക്കുന്ന സൈനബ ഹജ്ജുമ്മ (92) നിര്യാതയായി. മറ്റ് മക്കൾ: അബ്ദുല്ല ഹാജി (പെരുമ്പ), അശ്രഫ് ഹാജി (നരിക്കോട്), ഫാത്തിമ (കൊട്ടില), പരേതനായ മുസ്തഫ. മരുമക്കൾ: ഖദീജ, ഖദീജ, സുബൈദ, നഫീസ, അസീസ്.

ശ്രീദേവി അമ്മ

മയ്യിൽ: പെരുവങ്ങൂരിലെ പള്ളിപ്പുറത്ത് രയരോത്ത് ശ്രീദേവി അമ്മ (85) നിര്യാതയായി. ഭർത്താവ് പരേതനായ കെ.പി.ഗോവിന്ദൻ നമ്പ്യാർ. മക്കൾ: അംബുജാക്ഷി, ശ്രീവത്സൻ, പരേതയായ നളിനി. മരുമക്കൾ: സി.വി.പ്രഭാകരൻ (ചെറുപഴശി), അനിത (വേളം). സഞ്ചയനം വ്യാഴാഴ്ച.

പാറു

പൂവ്വം: വട്ടക്കൂലിലെ കെ.വി. പാറു (95) നിര്യാതയായി. ഭർത്താവ് പരേതനായ കപ്പള്ളി രാമൻ. മക്കൾ: നാരായണൻ (സി.പി.എം രാമപുരം ബ്രാഞ്ച് മെമ്പർ), കാർത്ത്യായനി (ആലത്തട്ട്), ഗോവിന്ദൻ (കാക്കാഞ്ചാൽ), കുഞ്ഞിരാമൻ (വടകാഞ്ചേരി), പരേതയായ മാധവി. മരുമക്കൾ: കുഞ്ഞിരാമൻ (കാഞ്ഞിരങ്ങാട്), ചന്ദ്രമതി, ചന്ദ്രൻ (ആലത്തട്ട്), ഷൈമ (കൂവോട്), അജിത (കണ്ണപുരം). സഹോദരങ്ങൾ: കുഞ്ഞാതി, കണ്ണൻ (വട്ടക്കൂൽ), പരേതയായ പാഞ്ചാലി. സഞ്ചയനം വ്യാഴാഴ്ച.

ഏലിക്കുട്ടി

ആലക്കോട്: തേർത്തല്ലിയിലെ പരേതനായ കോളച്ചേരിയിൽ ഫ്രാൻസിസിന്റെ ഭാര്യ ഏലിക്കുട്ടി (86) നിര്യാതയായി. ചെറുവള്ളി കുടുംബാംഗമാണ്. മക്കൾ: ഗ്രേസി, ബേബിച്ചൻ, എൽസി, ആലീസ്, ജോയി, ജെസി. മരുമക്കൾ: പാപ്പച്ചൻ, ലില്ലിക്കുട്ടി, ജോയി, തോമ്മാച്ചൻ, ഗ്രേസി, അപ്പച്ചൻ. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് 2.30ന് മേരിഗിരി ചെറുപുഷ്പം ഫൊറോന ദേവാലയത്തിൽ.

സുരേന്ദ്രൻ

ആലക്കോട്: കരുവഞ്ചാൽ ആനക്കുഴിയിലെ ആലിച്ചേരി സുരേന്ദ്രൻ (46) നിര്യാതനായി. ഭാര്യ: ബിന്ദു. മക്കൾ: ശ്രുതി, ശ്രുതിന, ശ്രീരാഗ് (മൂവരും വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് സ്കൂൾ വിദ്യാർത്ഥികൾ). കുഞ്ഞമ്പു-ചക്കി ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ: രവി, മധു, സുരേഷ്, ശോഭ, നിഷ.

മറിയം

പന്നിയൂർ: മദീന നഗറിലെ ടി.പി. മറിയം (90) നിര്യാതയായി. മക്കൾ: ഫാത്തിമ, ഖദീജ.

ജോസഫ്

ആലക്കോട്: ഉദയഗിരിയിലെ കുറ്റിയിൽ ജോസഫ് (85) നിര്യാതനായി. ഭാര്യ : ചെകിടനാനിയിൽ കുടുംബാംഗം മേരി. മകൻ: സിജി. മരുമകൾ: ടിൻസി പുൽകൊടിയിൽ (ഏറ്റുപാറ). സംസ്കാരം നാളെ രാവിലെ ഒമ്പത് മണിക്ക് ഉദയഗിരി സെന്റ് മേരീസ് പള്ളിയിൽ.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 309 RNI Reg.No.KER MAL/2007/22043